പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5300 1/07/2014-ൽ മറുപടിക്ക്

# മലബാറിലെ ചെറുകിട ജലവൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി പ്രതിസന്ധിയും ലോഡ്ഷെഡ്ഡിംങ്ങും പരിഹരിക്കാൻ സഹായകമായ മലബാറിലെ ചെറുകിട ജലവൈദ്യുത പദ്ധതികൾ മുടങ്ങികിടക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളാണ് മുടങ്ങിക്കിടക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി)യും<br>കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ നിർമ്മാണം ആരംഭിച്ച മലബാറിലെ ചെറുകിട ജലവൈദ്യുത പദ്ധതികളൊന്നും മുടങ്ങിക്കിടക്കുന്നില്ല. എന്നാൽ സ്വകാര്യ മേഖലയിൽ വയനാട് ജില്ലയിലെ പാൽച്ചുരം (3.5 മെഗാവാട്ട്), കണ്ണൂർ ജില്ലയിലെ മുക്കുട്ടത്തോട് (3 മെഗാവാട്ട്), കോഴിക്കോട് ജില്ലയിലെ ആലം പറത്തോട് (3 മെഗാവാട്ട്) എന്നീ പദ്ധതികൾ, പദ്ധതികൾക്കാവശ്യമായ സ്വകാര്യ ഭൂമി ലഭ്യമാകാത്തതിനാൽ നിർമ്മാണം തുടങ്ങിയിട്ടില്ല. |
| (സി) മലബാറിൽ നിലവിലുള്ള പദ്ധ(സി)തികൾ പൂർത്തീകരിക്കുന്നത് സംബന്ധിച്ചോ പുതിയ സാധ്യതകൾ തേടുന്നത് സംബന്ധിച്ചോ വൈദ്യുതി ബോർഡ് ഉന്നതതല അവലോകനയോഗം യഥാസമയം ചേരാറുണ്ടോ എന്ന് വ്യക്തമാക്കുമോ? | ഉണ്ട്. |

സെക്ഷൻ ഓഫീസർ